# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2011 ജൂൺ 2

## ബോർഡിന്റെ കമ്മി 887.81 കോടി: നികത്താൻ നിർദ്ദേശം സമർപ്പിക്കണമെന്ന് കമ്മിഷൻ

സംസ്ഥാന വൈദ്യുതി ബോർഡിന് നടപ്പു സാമ്പത്തിക വർഷം 887.81 കോടി രൂപയുടെ റവന്യൂ കമ്മി അനുവദിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഉത്തരവായി. 7815.77 കോടി ചെലവും 5607.46 കോടി വരവും 2208.31 കോടി കമ്മിയും പ്രതീക്ഷിക്കുന്ന കണക്കാണ് ബോർഡ് കമ്മിഷന് സമർപ്പിച്ചത്. ഇത് അതേപടി അംഗീകരിക്കുന്ന പക്ഷം യൂണിറ്റിന് 142 പൈസയുടെ നിരക്കു വർദ്ധന വേണ്ടി വരും. നിലവിൽ കമ്മിഷൻ അംഗീകരിച്ച 887.81 കോടിയുടെ കമ്മി നികത്താൻ യൂണിറ്റിന് 60 പൈസ (കൃത്യമായി 57 പൈസ) യുടെ നിരക്കു വർദ്ധനയാണ് ആവശ്യമായി വരുക. സർക്കാർ സഹായം വഴിയോ ബോർഡിന്റെ ചെലവ് കുറയ്ക്കൽ കൂടുതൽ കാര്യക്ഷമമാക്കിയോ, വൈദ്യുതി നിരക്കു വർദ്ധനയിലൂടെയോ കമ്മി നികത്താവുന്നതാണ്. കമ്മി നികത്താൻ ആവശ്യമായ നിർദ്ദശം സമർപ്പിക്കാനും കമ്മിഷൻ ഉത്തരവിൽ നിർദ്ദേശിച്ചു.

വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ജലലഭ്യത വർദ്ധിച്ച സാഹചര്യം പരിഗണിച്ചാണ് കമ്മിയിൽ ഗണ്യമായ കുറവു വരുത്താൻ കമ്മിഷനു കഴിഞ്ഞത്. ഭരണ-പൊതുചെലവുകൾ, അറ്റകുറ്റപ്പണിയുടെ ചെലവുകൾ, ശമ്പള പരിഷ്ക്കരണം വഴിയുണ്ടായ അധികചെലവ് എന്നിവയാണ് കമ്മി വർദ്ധനയ്ക്ക് കാരണമായിട്ടുള്ളത്. മൊത്ത വില സൂചികയുടെയും ഉപഭോക്തൃ വില സൂചികയുടെയും മാനദണ്ഡങ്ങൾക്ക് അനുസൃതമായി കമ്മിഷൻ ഇവ നിജപ്പെടുത്തുകയുണ്ടായി.

പുറത്തു നിന്ന് വൈദ്യുതി വാങ്ങുന്നതിൽ ചെലവ് കുറഞ്ഞ ഹ്രസ്വകാല സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ ബോർഡ് പ്രകടിപ്പിച്ച മികവിനെ കമ്മിഷൻ ഉത്തരവിൽ അഭിനന്ദിച്ചു. രാജ്യത്തെ വളർന്നു വരുന്ന പുത്തൻ വൈദ്യുതി വിപണികളെ ഇതിനായി ആശ്രയിക്കാനും വിലകൂടിയ വൈദ്യുതി വാങ്ങുന്നത് പരമാവധി കുറയ്ക്കാനും കമ്മിഷൻ ബോർഡിന് നിർദ്ദേശം നല്കി. കേന്ദ്ര പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം മൂലം സംസ്ഥാനത്തിനർഹതപ്പെട്ട കേന്ദ്രവിഹിതം ലഭ്യമാകാൻ വൈകുന്നതും, ഇന്ധനവില വർദ്ധനയും പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മിഷൻ കമ്മി അംഗീകരിച്ചിട്ടുള്ളത്. വൈദ്യുതി മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സമയബന്ധിതമായി പൂർത്തിയാക്കേണ്ട പതിമൂന്നോളം നിർദ്ദേശങ്ങളും കമ്മിഷൻ ഉത്തരവിലൂടെ ബോർഡിന് നല്കിയിട്ടുണ്ട്.

Sd/-

സെക്രട്ടറി

KSERC/PR/ /11